2024 ജൂൺ
01-15
Digital News Report

# സ്കൂൾ മുറ്റം

*Voice of Our Lady's C G H S Thoppumpady*

Little kites
O L C G H S S
Thoppumpady
ദ്വൈവാര വാർത്താപത്രിക

ഔവർ ലേഡീസ് കോൺവെൻറ് ഗേൾസ് ഹൈസ്കൂൾ, തോപ്പുംപടി, കൊച്ചി - 682005, എറണാകുളം

ലക്കം 1 പേജ് 1

## ഔവർ ലേഡീസ് സ്കൂളുകൾക്ക് പുതിയ സാരഥികൾ



അഡ്വ. റവ സിസ്റ്റർ മോളി അലക്സ്, റവ സിസ്റ്റർ മിനി ആന്റണി, റവ സിസ്റ്റർ മോളി ദേവസ്സി, റവ സിസ്റ്റർ മേരി സക്കറിയ എന്നിവർ.

തോപ്പുംപടി :ഔവർ ലേഡീസ് സ്കൂളുകളിൽ ഈ അധ്യയന വർഷം 2024 ഏപ്രിൽ1ന് പുതിയ പ്രധാനാദ്ധ്യാപകർ സ്ഥാനം ഏറ്റെടുത്തു. ഹയർ സെക്കന്ററി പ്രിൻസിപ്പലായി സിസ്റ്റർ മോളി ദേവസ്സിയും, ഹൈസ്കൂൾ പ്രധാനാധ്യാപികയായി സിസ്റ്റർ മിനി ആന്റണിയും, എൽ പി സ്കൂൾ പ്രധാനാധ്യാപികയായി സിസ്റ്റർ റീന ദേവസ്സിയുമാണ് സ്ഥാനം ഏറ്റെടുത്തത് .

## സിസ്റ്റർ ലിസി ചക്കാലക്കൽ വിരമിച്ചു

**പടിയിറങ്ങിയത് ഔവർ ലേഡീസ് ഹൗസ് ചലഞ്ച് പദ്ധതിയുടെ കോഓർഡിനേറ്റർ**



തോപ്പുംപടി: തന്റെ വേറിട്ട പ്രവർത്തനശൈലി കൊണ്ട് ഔവർ ലേഡീസ് എന്ന വിദ്യാലയത്തെ രാജ്യത്തിന് തന്നെ മാതൃകയായ ഒരു വിദ്യാലയമാക്കി മാറ്റിയത് റവ സിസ്റ്റർ ലിസി ചക്കാലക്കൽ ആണ് .
ഈ വിദ്യാലയത്തിലെ കുരുന്നുകൾക്ക് ഓർത്തു വയ്ക്കാനും എന്നും ജീവിതത്തോട് ചേർത്തു വയ്ക്കാനും ഒത്തിരി നന്മയുടെ നല്ല പാഠങ്ങൾ നൽകിക്കൊണ്ട് സിസ്റ്റർ ലിസ്സി ചക്കാലക്കൽ ഈ കഴിഞ്ഞ അധ്യയന വർഷം പടിയിറങ്ങി. കേവലം ക്ലാസ് മുറികള്ളിലെ പാഠ്യ വിഷയങ്ങളിൽ എ പ്ലസ് നേടുക എന്നതിലപ്പുറം ജീവിതത്തിൽ എ പ്ലസ് നേടി വിജയിക്കാൻ വൈവിധ്യമാർന്ന ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ സിസ്റ്റർ ലിസി തന്റെ ശിഷ്യഗണങ്ങളെ പ്രാപ്തരാക്കി.
അതിൽ ഏറ്റവും അധികം പ്രചുരപ്രചാരം നേടിയത് ഭവനരഹിതരില്ലാത്ത ഒരു സമൂഹം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹൗസ് ചലഞ്ച് പദ്ധതിയാണ് . ഈ പദ്ധതിയിലൂടെ സുമനസ്സു കളുടെ പങ്കാളിത്തത്തോടെ കഴിഞ്ഞ പത്തു വർഷം കൊണ്ട് ഇരുന്നൂറിൽപ്പരം വീടുകൾ പൂർത്തിയാക്കാൻ സിസ്റ്ററിക്ക് കഴിഞ്ഞു

## ബോധവൽക്കരണ ക്ലാസ്

കൗമാരം - കരുത്തും കരുതലും



തോപ്പുംപടി: പത്താം ക്ലാസ്സിലെ കുട്ടികളുടെ രക്ഷാകർത്താക്കളെ പങ്കെടുപ്പിച്ചു കൊണ്ട് ക്ലാസ് പി.ടി.എ യും തുടർന്ന് ഒരു ബോധവൽക്കരണ ക്ലാസും ജൂൺ ഏഴിന് നടത്തുകയുണ്ടായി. "കൗമാരം - കരുത്തും കരുതലും" എന്ന വിഷയത്തിൽ ആയിരുന്നു ക്ലാസ്. കൗമാരക്കാരുടെ ശാരീരിക , മാനസിക വളർച്ച, ആരോഗ്യകരമായ ജീവിത ശൈലി വളർത്തൽ ,ലഹരിയുടെ ഉപയോഗം തടയൽ, പാരന്റിങ് തുടങ്ങിയവയെ കുറിച്ച് ശ്രീജി മാർഗരറ്റ് ടീച്ചർ ക്ലാസ്സെടുത്തു . പത്താം ക്ലാസിലെ കുട്ടികളുടെ അക്കാദമിക കാര്യങ്ങളെക്കുറിച്ചു പ്രധാനാധ്യാപിക സിസ്റ്റർ മിനി ആന്റണി രക്ഷകർത്താക്കളോടു സംസാരിച്ചു.

## ബുധനാഴ്ച യൂണിഫോം



ബുധനാഴ്ചകളിൽ കുട്ടികൾ ധരിക്കുന്ന പുതിയ യൂണിഫോം .

## സ്കൂൾ പ്രവേശനോത്സവം

3 ജൂൺ 2024








തോപ്പുംപടി : 2024-25 അധ്യയനവർഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ഔവർ ലേഡീസ് കോൺവെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രവേശനോത്സവം ആഘോഷമായി കൊണ്ടാടി. പുതുപുത്തൻ പ്രതീക്ഷകളുമായി കടന്നുവന്ന കുരുന്നുകളെ സമ്മാനപ്പൊതികൾ നൽകി മുതിർന്ന കുട്ടികളും അധ്യാപകരും ചേർന്ന് സദസ്സിലേക്ക് ആനയിച്ചു. ചടങ്ങിൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ റവ. സിസ്റ്റർ മോളി ദേവസി അധ്യക്ഷത വഹിച്ചു. മതസൗഹാർദ്ദത്തെ അനുസ്മരിച്ചു കൊണ്ട് വിവിധ മതഗ്രന്ഥ വായനകൾ നടന്നു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ മിനി ആന്റണി ഏവർക്കും സ്വാഗതം ആശംസിച്ചു. മുഖ്യാതിഥിയായി പങ്കെടുത്ത സെൻറ് ആൻറണീസ് ചർച്ച് പാദുവാപുരം അസിസ്റ്റന്റ് വികാരി ഫാദർ ബിബിൻ ജോർജ് തറേപറമ്പിൽ ഭദ്രദീപം തെളിയിച്ചു കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു.
കുട്ടികൾ ആലപിച്ച പ്രവേശനോത്സവ ഗാനം ഏറെ ശ്രദ്ധേയമായിരുന്നു. ചടങ്ങിൽ പതിനൊന്നാം ഡിവിഷൻ കൗൺസിലർ ശ്രീമതി ഷീബ ഡ്യൂറോം , സെൻറ് ജോസഫ് റീജിയൻ കൗൺസിലർ ഓഫ്എഡ്യൂക്കേഷൻ സിസ്റ്റർ മേരി സക്കറിയ, പി.ടി.എ. പ്രസിഡണ്ട് ശ്രീ ജോസഫ് സുമീത് എന്നിവർ ആശംസകളർപ്പിച്ചു.



കഴിഞ്ഞ അധ്യയന വർഷം എൽ.എസ്.എസ്., യു.എസ്.എസ്., എൻ.എം.എം.എസ്., സ്കോളർഷിപ്പുകൾ നേടിയ കുട്ടികളെ ചടങ്ങിൽ ആദരിച്ചു
എഫ്.എം.എം. കറസ്പോണ്ടൻറ് സിസ്റ്റർ എൽസി ജോസഫ്, ഔവർ ലേഡീസ് കോൺവെൻറ് സുപ്പീരിയർ റവ.സിസ്റ്റർ ആനന്ദി സേവ്യർ, എൽ.പി.സ്കൂൾ PTA പ്രസിഡണ്ട് ശ്രീ ജോഷി വിൻസെൻറ് എന്നിവർ കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ ഏറെ ആകർഷകമായിരുന്നു.
രക്ഷിതാക്കൾക്കു വേണ്ടിയുള്ള ബോധവൽക്കരണ നിർദ്ദേശങ്ങൾ എൽ.പി സ്കൂൾ അധ്യാപിക ശ്രീമതി യൂഫ്രേസ്യ നൽകുകയുണ്ടായി. എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് റവ. സിസ്റ്റർ റീന എം.ഡി., അൺ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ഡെൽന അത്രുജ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. അധ്യാപക പ്രതിനിധി ശ്രീമതി ബിന്ദു ജോൺ ഏവർക്കും നന്ദി പറഞ്ഞു.

## ഭൂമിക്കായി പരിസ്ഥിതി ദിനം




"നമ്മുടെ ഭൂമി നമ്മുടെ ഭാവി "

തോപ്പുംപടി: ആഗോള പരിസ്ഥിതി ദിനമായ ജൂൺ 5 നമ്മുടെ വിദ്യാലയത്തിൽ സമുചിതമായി ആഘോഷിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ ശ്രീമതി സിന്ധു പി ജോസഫ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് റവ സിസ്റ്റർ മിനി ആന്റണി അധ്യക്ഷത വഹിച്ചു. പ്രകൃതിയുടെ പച്ചപ്പിനെ സ്വന്തം ഹൃദയത്തോട് ചേർത്ത് വെച്ച് സ്വന്തം പുരയിടത്തിനുള്ളിൽ വൈവിധ്യമാർന്ന കൃഷികൾ വളർത്തുന്ന കുമ്പളങ്ങിയിലെ ശ്രീ മാഞ്ചപ്പൻ ചേട്ടനെ ചടങ്ങിൽ പൊന്നാടയണിച്ച് ആദരിച്ചു. അദ്ദേഹം വൃക്ഷ തൈ നട്ടു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പോസ്റ്റർ നിർമ്മാണ മത്സരത്തിൽ വിജയികളായ കുട്ടികൾക്ക് പിടിഎ പ്രസിഡന്റ് ജോസഫ് സുമീത് സമ്മാനങ്ങൾ നൽകി. പ്രകൃതി സംരക്ഷണത്തിനായി കുട്ടികൾ പ്രതിജ്ഞ ചൊല്ലി. ഇലക്ട്രോണിക് സംസ്കാരത്തിന്റെ പുറകെ പായുന്ന യുവതലമുറയെ പ്രകൃതിയിലേക്ക് അടുപ്പിക്കുകയും പ്രപഞ്ചത്തോട് ചേർത്തു നിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയത്തിൽ പരിസ്ഥിതി സൗഹൃദ ജീവിത ശൈലി തന്നെ കുട്ടികളെ പരിശീലിപ്പിക്കുന്നു. സ്കൂളിലെ എസ്.പി.സി, ഗൈഡിങ്, സീഡ് ക്ലബ് തുടങ്ങിയ വിവിധ ക്ളബ്ബുകളുടെ കൂട്ടായ്മയിൽ ആണ് പരിസ്ഥിതി ദിനം ആഘോഷിക്കപ്പെട്ടത്. കുട്ടികൾക്ക് വൃക്ഷ തൈകൾ വിതരണം ചെയ്യുകയുമുണ്ടായി. പ്ലാസ്റ്റിക് നിർമാർജനം ചെയ്യുന്നതിന്റെ ഭാഗമായി ഒൻപതാം ക്ളാസുകാരുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ് മുറികളിലും തുണി സഞ്ചികൾ വിതരണം ചെയ്തു.

## പഠന മികവുമായി ഔവർ ലേഡീസ്

**എസ് എസ് എൽ സി പരീക്ഷയിൽ മികച്ച വിജയം**

തോപ്പുംപടി: ഔവർ ലേഡീസിൽ കോൺവെന്റ് ഗേൾസ് സ്കൂളിന് എസ് എസ് എൽ സി പരീക്ഷയിൽ 100% തിളക്കമാർന്ന വിജയം. ആകെ 308 കുട്ടികൾ പരീക്ഷ എഴുതിയതിൽ 72 കുട്ടികൾ മുഴുവൻ വിഷയങ്ങളിലും A+ നേടി. 12 കുട്ടികൾ 9 A+ കരസ്ഥമാക്കി. പശ്ചിമ കൊച്ചിയിൽ ഈ വർഷം ഏറ്റവും കൂടുതൽ കുട്ടികളെ എസ് എസ് എൽ സി പരീക്ഷയ്ക്കിരുത്തി മികച്ച വിജയം നേടിയത് വിദ്യാലയം എന്ന ബഹുമതി ഔവർ ലേഡീസ് സ്കൂളിനാണ്.

## NMMS സ്കോളർഷിപ്പ് കരസ്ഥമാക്കി മിടുക്കികൾ

ന്യൂഡൽഹി: കേന്ദ്ര സർക്കാർ എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കി വരുന്ന നാഷണൽ മിൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് നമ്മുടെ മൂന്നു വിദ്യാർത്ഥികൾ അർഹരായി.



ഹാദിയ കെ.എം



സഹല കെ.ആർ



നെയ്റ ഫാത്തിമ

അഭിനന്ദനങ്ങൾ ! -മാനേജ്മെന്റ്, പി.ടി.എ., സ്റ്റാഫ്, സ്റ്റുഡന്റ്സ്

## യു.എസ്.എസ് സ്കോളർഷിപ്പിന് അർഹരായവർ



ദേവനന്ദ.ജി



ഫിദ ഫാത്തിമ ബി ആർ

അഭിനന്ദനങ്ങൾ
മാനേജ്മെന്റ്, പി.ടി.എ., സ്റ്റാഫ്, സ്റ്റുഡന്റ്സ്

### അഭിനന്ദനങ്ങൾ




**മിനർവ. എ.,** കേരളാ സ്റ്റേറ്റ് പവർ ലിഫ്റ്റിങ് ചാംപ്യൻഷിപ് ഗോൾഡ് മെഡൽ ജേതാവ്.

## SPC സെലക്ഷൻ ടെസ്റ്റ്

തോപ്പുംപടി: എസ്.പി.സി. പ്രവേശനത്തിന്റെ ഭാഗമായുള്ള എഴുത്തു പരീക്ഷജൂൺ 12 ന നടത്തുകയുണ്ടായി. എട്ടാം ക്ലാസ്സിലെ നൂറ് കുട്ടികളാണ് പരീക്ഷയിൽ പങ്കെടുത്തത്. തോപ്പുംപടി എസ്.എച്ച്.ഒ. ശ്രീ. ഫിറോസ് എ , ഹെഡ് മിസ്ട്രസ് എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിൽ വച്ചാണ് ആണ് മുഖ്യ പരീക്ഷ നടന്നത്. എഴുത്തു പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ജൂൺ 13 ന പ്രസിദ്ധികരിച്ചു. 14 ന കായിക ക്ഷമത പരീക്ഷ നടന്നു. ഫൈനൽ റാങ്ക് ലിസ്റ്റ് ജൂൺ 19 ന പ്രസിദ്ധപ്പെടുത്തും.

## ലിറ്റിൽ കൈറ്റ്സ്

തോപ്പുംപടി: ലിറ്റിൽ കൈറ്റ്സ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് പൊതു വിദ്യാലയങ്ങളിൽ ജൂൺ 15 ന നടന്നു. ഈ വിദ്യാലയ ത്തിൽ ലിറ്റിൽ കൈറ്റ്സിനു 40 സീറ്റാണുള്ളത്.പരീക്ഷ എഴുതിയത് എട്ടാം ക്ലാസ്സിലെ 90 കുട്ടികളാണ്. പരീക്ഷ നടന്നത് പ്രത്യേകം സജ്ജമാക്കിയ സോഫ്റ്റ്‌വെയറിലാണ്.



## യോഗാ ക്ലാസ്



കൊച്ചി : ജൂൺ 6-ാം തിയതി രാവിലെ 8.30 മുതൽ 9 മണി വരെ സ്കൂളിലെ കുട്ടികൾക്കു വേണ്ടിയുള്ള യോഗാ ക്ലാസ്സിന് സ്കൂൾ അങ്കണത്തിൽ ആരംഭം കുറിച്ചു. എല്ലാ ദിവസവും സ്കൂളിലെ യോഗയ്ക്ക് നേതൃത്വം നൽകുന്നത് പി.ടി അധ്യാപകരാണ്. യോഗ ചെയ്യുന്നതു വഴി കുട്ടികളിൽ ആത്മവിശ്വാസം വളരുന്നു . വ്യക്തിത്വ വികാസത്തിനും ആരോഗ്യകരമായ ജീവിതശൈലി നയിക്കുവാനും യോഗ അതുവഴി ജീവിതത്തിൽവിജയം കൈവരിക്കുവാനും അവരെ പ്രാപ്തരാക്കുന്നു. ആരോഗ്യമുള്ള മനസ്സും ശരീരവും വളർന്നു വരുന്ന കുട്ടികൾക്ക് അത്യാന്താപേക്ഷിതമാണല്ലോ.

## പൊതിച്ചോറുമായി സ്കൂൾ കുട്ടികൾ

ഇടക്കൊച്ചി: എല്ലാ ചൊവ്വാഴ്ചയും ഔവർ ലേഡീസ് കോൺവെന്റ് ഗേൾസ് സ്കൂളിലെ കുട്ടികൾ ഇടക്കൊച്ചി സെഹിയോൻ പ്രേഷിത സംഘത്തിന് കൊടുത്തുവരുന്ന പൊതിച്ചോർ പദ്ധതിക്ക് ജൂൺ 11 ന് ആരംഭം കുറിച്ചു പൊതിച്ചോറുകൾ സ്വീകരിക്കുന്നതിന് സെഹിയോൻ പ്രേഷിത സംഘത്തിനു നേതൃത്വം നൽകുന്ന ശ്രീ. എം .എക്സ്. ജൂഡ്സൺ സന്നിഹിതനായിരുന്നു. ഈ വർഷം പൊതിച്ചോറുകൾ നൽകുന്നത് ഔവർ ലേഡീസിലെ കുട്ടികളാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി



## ചില അസംബ്ലി പ്രവർത്തനങ്ങൾ ചുരുക്കത്തിൽ

ജൂൺ 12- ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച് കുട്ടികളിൽ ബോധവൽക്കരണം നടത്തി
ജൂൺ 12- ഊർജ്ജസംരക്ഷണം സ്കൂളിലും വീട്ടിലും : ബോധവൽക്കരണ ക്ലാസ് നടത്തി.
ജൂൺ 13- മാലിന്യസംസ്കരണം സ്കൂളിലും വീട്ടിലും : ബോധവത്കരണം നൽകി.
ജൂൺ14- ലോക രക്തദാന ദിനത്തോടനുബന്ധിച്ച് കുട്ടികൾ തയ്യാറാക്കിയ പ്ലക്കാർഡുകൾ പ്രദർശിപ്പിക്കുകയും 'രക്തദാനം മഹാദാനം' എന്ന സന്ദേശം കുട്ടികളിൽ എത്തിക്കുകയും ചെയ്തു
ജൂൺ 14- പേവിഷ ബാധയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം വളർത്തിയെടുക്കുന്നതിനായി സ്കൂൾ അസംബ്ലിയിൽ ഇതിനു വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും പേവിഷ ബാധ പ്രതിരോധ പ്രതിജ്ഞ എല്ലാവരും ഏറ്റുചൊല്ലുകയും ചെയ്തു.
ജൂൺ 15- ലോക വയോജന ചൂഷണ വിരുദ്ധ ബോധവൽക്കരണ ദിനത്തിന്റെ ഭാഗമായി അധ്യാപകരും വിദ്യാർത്ഥികളും വയോജന ചൂഷണ വിരുദ്ധ പ്രതിജ്ഞയെടുത്തു .

olcghspalluruthy@yahoo.in